സി-ഡിറ്റ്, വീഡിയോ പ്രൊഡക്ഷൻ ആവശ്യങ്ങൾക്കായി വിവിധയിനം വാഹനങ്ങൾ ദിവസനിരക്കിലും കിലോമീററർ നിരക്കിലും വാടകയ്ക്ക് എടുക്കുവാൻ താൽപര്യപ്പെടുന്നു. ഈ ആവശ്യത്തിലേയ്ക്ക് താൽപര്യമുള്ള വാഹന ഏജൻസികളെ എംപാനൽ ചെയ്യുവാൻ ഉദ്ദേശിക്കുന്നു. അതിലേക്ക് ടെൻഡർ ക്ഷണിക്കുകയാണ്.

## വ്യവസ്ഥകൾ/മാർഗ്ഗ നിർദ്ദേശങ്ങൾ

1. വാഹനങ്ങൾ 2013-ന് ശേഷം രജിസ്റ്റർ ചെയ്തതായിരിക്കണം
2. വാഹനങ്ങൾ നല്കുന്ന ഏജൻസി/വ്യക്തി ഇൻകംടാക്സ്/സർവ്വീസ് ടാക്സ് റിട്ടേണുകൾ കൃത്യമായി സമർപ്പിക്കുന്നവരായിരിക്കണം.
3. വാഹനങ്ങൾ കേരളത്തിൽ രജിസ്റ്റർ ചെയ്തതും ഇൻഷുറൻസ് പരിരക്ഷ ഉള്ളതുമായിരിക്കണം.
4. വാഹനത്തിന്റെ ഡ്രൈവർക്ക് ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം. സി-ഡിററ് ജീവനക്കാരോടും യാത്രക്കാരോടും ഡ്രൈവർ മാന്യമായി പെരുമാറണം.
5. റ്റി.ഡി.എസ് ബാധകമാകുന്ന സാഹചര്യത്തിൽ റ്റി.ഡി.എസ് കുറവ് ചെയ്തതിനു ശേഷമേ പേയ്മെന്റ് നൽകുകയുള്ളൂ.
6. ഔദ്യോഗിക ഉപയോഗത്തിലിക്കുമ്പോൾ വാഹനത്തിനുണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും, പൂർണ്ണ ഉത്തരവാദിത്വം ഏജൻസി/വ്യക്തിയായിരിക്കും.
7. വാഹനത്തിന് കേരളത്തിന് വെളിയിൽ യാത്ര പോകേണ്ടിവന്നാൽ അതിനു വേണ്ടുന്ന എല്ലാ ക്രമീകരണങ്ങളും ഉണ്ടായിരിക്കണം.
8. എംപാനൽ ചെയ്യുന്ന ഏജൻസികൾ സി-ഡിററുമായി ഒരു കരാറിൽ ഏർപ്പെടേണ്ടതും അംഗീകൃത റേറ്റ് ഏററവും കുറഞ്ഞത് 6 മാസത്തേയ്ക്ക് നിലനിർത്തേണ്ടതുമാണ്.
9. പ്രധാനമായും ഷൂട്ടിംഗ്/പ്രൊഡക്ഷൻ ആവശ്യങ്ങൾക്ക് വേണ്ട വാഹനങ്ങൾ താഴെ കാണിക്കുന്നവയാണ്.

   (എ) ടെമ്പോ ട്രാവലർ
   (ബി) ഇന്നോവ എ.സി.
   (സി) സൈലോ എ.സി.

   ഈ വാഹനങ്ങൾ കിലോമീറ്റർ നിരക്കിലും, ദിവസവാടക നിരക്കിലും വാടകയ്ക്ക് നൽകുന്നതിനുള്ള റേറ്റുകൾ താൽപ്പര്യമുള്ള ഏജൻസികൾ ക്വാട്ട് ചെയ്യേണ്ടതാണ്. തിരുവനന്തപുരത്തിനു വെളിയിൽ പോകേണ്ടിവരുന്ന സാഹചര്യമുണ്ടായാൽ അതിനുള്ള എല്ലാ സജ്ജീകരണങ്ങളും വാഹനത്തിന് ഉണ്ടായിരിക്കണം. ഇങ്ങനെയുള്ള സാഹചര്യത്തിൽ ഡ്രൈവർ ബാററ ബാധകമാണെങ്കിൽ, അതും ക്വട്ടേഷനിൽ കാണിച്ചിരിക്കേണ്ടതാണ്.

10. ക്വട്ടേഷനുകൾ നൽകാനുള്ള അവസാന തീയതി 09.01.2017, വൈകിട്ട് 3.00 മണി.
11. ക്വട്ടേഷനുകൾ നൽകേണ്ട വിലാസം:രജിസ്ട്രാർ, സി-ഡിറ്റ്, തിരുവല്ലം, തിരുവനന്തപുരം
12. ക്വട്ടേഷനുകൾ തുറക്കുന്ന തീയതി, സമയം : 09.01.2017, 03.15 PM

**സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി**

ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം, തിരുവനന്തപുരം

ഫോൺ: 0471-2380910, മൊബൈൽ: 9895052000

# വാഹനങ്ങൾ കരാർ അടിസ്ഥാനത്തിൽ ഓടുന്നതിന് എംപാനൽ ചെയ്യുന്നതിനുള്ള ടെൻഡർ നോട്ടീസ്

സി-ഡിറ്റിന്റെ പ്രൊഡക്ഷൻ വിഭാഗത്തിനുവേണ്ടി കരാർ അടിസ്ഥാനത്തിൽ (ദിവസവാടക/മണിക്കൂർ വാടക) ഓടുന്നതിന് 2013-നു ശേഷം രജിസ്റ്റർ ചെയ്ത വാഹനങ്ങൾ (ടെമ്പോ 12/14 സീറ്റ്, ഇന്നോവ, സൈലോ എ.സി. വാഹനങ്ങൾ) ആവശ്യമുണ്ട്. തെരഞ്ഞെടുക്കുന്നവരെ ഒരു വർഷത്തേയ്ക്ക് എംപാനൽ ചെയ്യുന്നതാണ്. വിശദവിവരങ്ങൾ www.cdit.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷിക്കേണ്ട അവസാന തീയതി: 09.01.2017, 03.00 PM

Sd/-

രജിസ്ട്രാർ, സി-ഡിറ്റ്

28.12.2016